Talented Bankers Literary Panel
പുസ്തകപരിചയം 133

പുസ്തകം പരിചയപ്പെടുത്തുന്നത്,
നവീൻ രമണൻ, ബാങ്ക് ഓഫ് ഇന്ത്യ,
കടപ്പാക്കട ശാഖ, കൊല്ലം.

പെണ്ണും ചെറുക്കനും (കഥകൾ)
ഉണ്ണി ആർ

വളച്ചു കെട്ടില്ലാതെ ഏവർക്കും മനസ്സിലാകും വിധം എഴുതുന്നതാണ് ഉണ്ണി ആറിന്റെ ശൈലി. അതാണ് അദ്ദേഹത്തിന്റെ ഓരോ കൃതിയുടെയും പ്രത്യേകത. ആ ശ്രേണിയിലേക്ക് ഇതാ മറ്റൊന്നു കൂടി. പെണ്ണും ചെറുക്കനും എന്ന് പേരിട്ട അത് തന്നെ ആമുഖ കഥയായ 11 കഥകളുടെ ചെറു സമാഹാരം. കാമം, പ്രതികാരം , സ്വതാന്വേഷണം, ഭീതി ഇവയൊക്കെ തുറന്നു കാട്ടുന്ന ഒട്ടും മുഷിപ്പില്ലാതെ വായിക്കാൻ ഇരു കൈയും നീട്ടി സ്വീകരിക്കാവുന്നതുമായ കൃതിയെന്ന് പറയാം .

എന്നാലും ഇത് വല്ലാത്തൊരു കാമുകനായി പോയി. പെണ്ണുടലിനെ അറിയാൻ , അതും പ്രേമിക്കുന്ന പെണ്ണിനെ !!!! . നേരെ ചൊവ്വേ അതാവശ്യപ്പെടാനൊട്ടു ധൈര്യവുമില്ല , എന്നാലോ കാര്യം കാണാൻ വേണ്ടി കരഞ്ഞു പിഴിയുന്ന പ്രകൃതവും. ഒത്തൊരു ആണിന്റെ തടി ഉണ്ടായിട്ടും തണ്ടില്ലാത്തവന്റെ കരച്ചിലും കാലിൽ വീഴലും കാണുമ്പോൾ അവൾ പറയുന്ന മറുപടി ആണേ രസകരം " ഇതാടാ ( കാലിൽ വന്നു വീണു കഴുതയെ പോലെ മോങ്ങുന്നത് ) അശ്ലീലം എന്ന് പറഞ്ഞ സാധനം " ആരായാലും ഒന്ന് കയ്യടിച്ചു പോകും. "നീ താൻ ഡീ പൊണ്ണ് "വീട്ടുകാരെയും , നാട്ടുകാരെയും പേടിക്കുന്ന ഒരു കാമുകൻ. എല്ലാം ഒളിച്ചും പാത്തും മതി. ആ പെങ്കൊച്ചിന്റെ പത്തിലൊന്നു ധൈര്യം പോലും ഇല്ലാത്ത ഇവനെന്തൊരു മണുക്കൂസു കാമുകൻ എന്ന് വായനക്കാർ ചിന്തിച്ചു പോകും.

തിക്കിയും, തിരക്കിയും ഉള്ള അവന്റെ നിൽപ്പും സംഭാഷണവും അവളിൽ പരിഹാസരൂപേണയുള്ള ഒരു സഹതാപമാണ് പ്രതിഫലിപ്പിക്കുന്നത് . വീർത്തു പൊട്ടുന്ന ഉടലിന്റെ ആശ അവളിൽ തീർക്കുക. അതൊന്നേയുള്ളു അവന്റെ ആവശ്യം അവൾക്ക് അവനോടുള്ളതോ നല്ല കറ തീർന്ന സ്നേഹവും .

എങ്കിലും നിനക്കെന്നോട് എത്രേം ഇഷ്ടമുണ്ടെന്ന അവളുടെ ചോദ്യത്തിന് അവൻ ആലോചിച്ചു പറഞ്ഞ മറുപടിയാണ് രസകരം. അതാകട്ടെ കഥയുടെ അവസാന രംഗത്തിനു ചേരുന്നതുമാകുന്നു

ഒന്നിച്ചൊരു സ്ഥലത്തേയ്ക്ക് പോകാൻ അവന്റെ ക്ഷണം എന്തിനെന്നു

അവൾക്കു നല്ല പോലറിയാം . അത് സ്വീകരിക്കുകയും ചെയ്തു. ഈ മണുക്കൂസൻ എവിടം വരെ പോകുമെന്ന് നോക്കാം എന്നാണ് അവളുടെയും ഉള്ളിലിരിപ്പ് ഒരു വിസ്സമ്മതവും ഇല്ലാതെയവൾ അവന്റെ നിർദേശത്തിനു സമ്മതം നൽകി. കഥയിലും, ചലച്ചിത്രങ്ങളിലും സർവോപരി നിത്യ ജീവിതത്തിലും പ്രണയിതാക്കൾക്കിടയിൽ തങ്ങളുടെ പ്രണയം അല്ലെങ്കിൽ ബന്ധം മറ്റുള്ളവർ അറിഞ്ഞാലുള്ള ഭവിഷ്യത്തോർത്തു ഭയമിപ്പോഴും പെണ്ണിന്റെ ചുമലിലാണെങ്കിൽ ഇവിടെ ഇതാ ഈ തണ്ടില്ലാത്ത കാമുകനാണ് ഭയമേറെ. ഇതൊന്നും നാലാൾ അറിയുകയും ചെയ്യരുത് , എന്നാൽ അതെ സമയം തന്നെ പോകുന്ന കാര്യം സാധിക്കുകയും വേണം.

ഒളിച്ചു ബന്ധപ്പെടാൻ വന്നവർക്കു എന്ത് പറ്റിയെന്നത് അറിയുമ്പോൾ നാമറിയാതെ ചിരിച്ചു പോകും.. ആ പെണ്ണിന്റെയും ചെറുക്കന്റെയും നാം പ്രതീക്ഷിക്കാത്ത ടിസ്റ്റ് വരുന്ന അവസാന രംഗവും ഉണ്ണിയുടെ തന്നെ വാങ്കിന്റെ ക്ലൈമാക്സ് പോലെ നാം ചിന്തിക്കാത്തതാണ്. ഇതാകട്ടെ അതുക്കും മേലെ.

അങ്ങനെ ഇതിനു പറ്റിയൊരു സ്ഥലത്തെക്കുറിച്ചു അറിഞ്ഞു അവിടേക്കു യാത്ര പോകുന്നതും അതിന്റെ രസകരമായ അന്ത്യവും ആണ് കഥാ തന്തു. തന്റേടിയായ ആ പെണ്ണിനൊപ്പം ആയിരിക്കും വായനക്കാർ.

കഥയിലെ നായകനും , നായികയ്ക്കും പേരില്ല. എന്നത് വേറെ കാര്യം. വെറും ചെറുക്കനും പെണ്ണും.

നീതി ലഭിക്കാൻ സത്യമല്ല വേണ്ടത്, മറിച്ചു തെളിവുകളാണെന്നു നീതി പീഠത്തിന്റെ നിഷ്കർഷയിൽ നിസ്സഹായകനായ കഥാപാത്രത്തിന്റെ മാനസിക വ്യഥ ചൂണ്ടിക്കാട്ടുന്ന "കോടതി പറയുന്നത്" എന്ന കഥ നമ്മുടെ തന്നെ നിത്യ ജീവിതത്തിൽ ഉള്ളതല്ലേ ?

കലാപ ശേഷമുള്ള നഗരത്തിന്റെ അവസ്ഥയും അതിലുപരി അവിടുത്തെ മനുഷ്യ മനസിന്റെ നേർചിത്രവും " സുരക്ഷിതനായ മനുഷ്യൻ " എന്ന കഥ ചൂണ്ടി കാട്ടി തരുന്നു. .

അക്ഷരങ്ങളുടെ ലോകത്തു നിന്നും അതെ അക്ഷരങ്ങളാൽ അപഹരിക്കപ്പെട്ട ഒരു മനുഷ്യന്റെ കഥ " ശബ്ദം" എന്നതിൽ കുറിച്ച് വച്ചിരിക്കുന്നു . അവനവനിൽ ചുരുങ്ങി പോയ മനുഷ്യരുടെ നേർ ചിത്രം എന്ന് വേണമെങ്കിൽ പറയാം. തൊട്ടുണർത്താനും, നിത്യ ജീവിതത്തിൽ ഒപ്പം ചേർക്കാനും ആരെങ്കിലും വരുമെന്ന പ്രതീക്ഷയിൽ കഴിയുന്ന മനുഷ്യരുമായി ഈ കഥയ്ക്ക് സാമ്യം ഉള്ളത് യാദൃശികമല്ല

ജീവിത സുരക്ഷയിൽ മടി പിടിച്ചു ഓരോ പ്രഭാത കിരണവും നഷ്ടമാക്കിയ കുഞ്ഞിനെ യഥാർത്ഥ മനുഷ്യാവസ്ഥയിലേക്കു ചൂണ്ടി കാണിക്കുന്ന

"ഡിസംബർ" എന്ന ചെറുകഥ

കാര്യങ്ങൾ ഗ്രഹിക്കാതെ എടുത്തു ചാടി മറ്റുള്ളവരുടെ ജീവിതം കൂടി പൊള്ളിക്കുന്ന അവസ്ഥയാണ് " കഥ തീർക്കാനാകുമോ ?ഇല്ല..ഇല്ല" എന്ന അടുത്ത കഥയിൽ . എട്ടുകാലിയുടെ വല നെയ്ത്ത് മനുഷ്യന്റെ ക്രൂരതയേക്കാൾ സഹനീയം . കഥയറിയാതെ തൂക്കിലേറ്റുക എന്ന് വേണമെങ്കിൽ പറയാം.

ചെറിയ ചുവടുകളിൽ മുഴക്കമില്ലാത്ത വാക്കുകളാൽ കാൽകുറിപ്പു കൊണ്ടുള്ള " പത്തു കഥകൾ ". കറുപ്പും വെളുപ്പിലും ഉള്ള ഫ്രെമിൽ ചിത്രീകരിച്ചപോലെ രചിച്ചതായി തോന്നി പോകും.

ഒരു കാര്യം ഇഷ്ടമാണെങ്കിൽ അത് കണ്ടും, കേട്ടും പഠിക്കണം, അല്ലാതെ കോണകത്തിലെ ഏർപ്പാടുമായിട്ടു ഇറങ്ങരുത് എന്ന ദാർശനിക വ്യാഖ്യാനം മേസ്ത്തിരി എന്ന ചെല്ലപ്പേരിൽ അറിയപ്പെടുന്ന വെട്ടും, കുത്തും പിന്നെ കള്ളക്കടത്തിന് സഹായവും ഒക്കെ ചെയ്തു ജീവിക്കുന്ന ഒരു കഥാ പാത്രം പറയുന്നതല്ല. അത് അര വൈദ്യം പഠിച്ചു , വൈദ്യ ശിരോമണി എന്ന പോലെ ഞെളിയുന്ന നമ്മെ പോലെ ഉള്ള മൂഢ വർഗ്ഗത്തിന് ഇട്ടു താങ്ങിയതല്ലേ എന്ന് " വെട്ടു റോഡ്" എന്ന കഥ വായിക്കുമ്പോൾ തോന്നി പോകും.

പാട്ടും, പകയും തമ്മിലെന്ത് ബന്ധം ? മേൽപ്പറഞ്ഞ തൊഴിലൊക്കെ ഉള്ളത് കൊണ്ട് കലയെ സ്നേഹിച്ചുകൂടാ എന്നാരാ പറഞ്ഞത് ? ചോര തൂറി കിടക്കുമ്പോഴും മേസ്ത്തിരി എന്നറിയപ്പെടുന്ന ഗുണ്ടാ നേതാവിന് മനസ്സിൽ ഒരേ ഒരു ലക്ഷ്യം. അതൊരു പക വീട്ടലാണ്. എതിരാളിയെ ചുരണ്ടുന്നതാണ് മേസ്ത്തിരി സ്റ്റൈൽ . അതൊരു വല്ലാത്ത ചുരണ്ടൽ എന്നതും രസകരമായ സംഗതിയാണ്. ഈ തൊഴിലൊക്കെ നിത്യജീവിതത്തിന്റെ ഭാഗമായ ഇവർക്കിടയിലേക്ക് ശിഷ്യത്വം ചോദിച്ചു കൊണ്ടൊരു പെങ്കൊച്ചിന്റെ പ്രവേശനം മറ്റൊരു രസം. അക്ഷരം തെറ്റി പാടുന്ന മേസ്ത്തിരിയെ , പാട്ടിന്റെ യഥാർത്ഥ വരികളെന്തെന്ന് പറഞ്ഞു തിരുത്തി പാടിക്കുമ്പോൾ, താനിത്രയും നാൾ പാടിയിരുന്നത് തെറ്റായിരുന്നെന്നും, അതോ തൻ്റെയിതുവരെ യുള്ള ജീവിതം തന്നെ തെറ്റും, ശരിക്കുള്ള ജീവിതം തെറ്റി പാടിയ ഗാനങ്ങളിലെ വരികൾ പോലെ വ്യത്യസ്തവും ആണെന്ന് തിരിച്ചറിയുന്ന അവസാന രംഗവും. അതൊരു ഒന്നൊന്നര രചന തന്നെ .

ഇതൊന്നും പോരാഞ്ഞു ചിലിയൻ കവിയുടെ പ്രതികവിത പോലൊരു പ്രതിജീവിതം ജീവിക്കുന്നത് “നികനോർ പാർറ “ എന്ന അടുത്ത കഥയിൽ നമുക്ക് മുന്നിൽ കഥാകാരൻ തുറന്നു തരുന്നു,

നൈമിഷിക ബന്ധങ്ങൾക്കിടയിൽ ഭാവിയിൽ ഒരു ഭൂതകാലം ബാക്കി വച്ച് നഷ്ടപെട്ട തന്റെ ഹൃദയം അവൻ വിശന്നപ്പോൾ എടുത്തു

തിന്നെന്നറിഞ്ഞപ്പോൾ അവൾക്കുണ്ടായത് ഓക്കാനമാണ് . തിന്നുപോയത് തൂറി പുറത്തുവരുമ്പോൾ തരാമെന്നുള്ള അവജ്ഞയോടുള്ള അവന്റെ മറുപടി വാക്കുകളാൽ മുറിവേൽപ്പിച്ചത് അവളെയാണെങ്കിലും , എത്ര മുക്കിയാലും പോകാതെ അവനിൽ പറ്റി പിടിച്ച അവളുടെ ഹൃദയവും ശരിക്കുമൊരു പ്രതികാരം പോലെ തോന്നും.

രമണന്റെ മരണശേഷം ആടുകൾക്ക് എന്ത് സംഭവിച്ചു എന്ന് തിരക്കി ഇറങ്ങുന്ന പോലീസുകാരനും അയാളുടെ ഉള്ളിലുള്ള കലാകാരനും , പുറമെ അണിഞ്ഞ കാക്കിയും തമ്മിലുള്ള മത്സരവും, അതിൽ കലാകാരന്റെ പരാജയവും

തങ്ങൾക്കിടയിലെ ബന്ധങ്ങളുടെ ഇഴയടുപ്പം എങ്ങനെന്നറിയാൻ അവനും അവളും നടത്തിയ അടിവസ്ത്ര പരീക്ഷണവും അതിന്റെ അനുബന്ധ ഫലങ്ങളും

ഇവ മൂന്നും ചേർത്ത് മൂന്ന് പ്രേമകഥകൾ

സ്വാതന്ത്ര്യത്തിന്റെ ലോകം കൊതിക്കുന്ന നാളിലേക്ക് നടക്കാൻ വെമ്പുന്ന കാലടികൾ "നടത്തം" എന്ന അവസാന കഥയിൽ നമുക്ക് മുന്നിൽ തുറന്നു തരുന്നു.

പ്രസാധകർ - ഡി സി ബുക്സ്
വില - Rs.120/-